ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ & ജില്ലാ കളക്ടർ
ആലപ്പുഴയുടെ നടപടി ക്രമം
(ഹാജർ : എ. അലക്സാണ്ടർ . ഐ.എ.എസ്.)

DMC.3-391/2020 Date : 30/06/2020

വിഷയം : കോവിഡ് 19 രോഗവ്യാപന നിയന്ത്രണം- ജില്ലയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നത് സംബന്ധിച്ച്.

വായന : ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ 30.06.2020 ലെ അടിയന്തിര യോഗത്തിന്റെ തീരുമാനം.

കോവിഡ് 19 രോഗവ്യാപനം നടന്നതിനും ഫലപ്രദമായി നിയന്ത്രിക്കുന്നതിനും നിലവിലെ സാഹചര്യത്തിൽ കർശന നിയന്ത്രണങ്ങൾ ജില്ലയിൽ ഏർപ്പെടുത്തേണ്ടതാണെന്ന് 30.06.2020 ൽ ചേർന്ന ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗം വിലയിരുത്തിയിട്ടുണ്ട്. ആളുകൾ കൂട്ടം കൂടുന്നതും കോവിഡ് 19 പ്രോട്ടോകോൾ പാലിക്കാത്തതും അപകടകരമായ സാഹചര്യത്തിലേയ്ക്ക് ജില്ലയിലെ സ്ഥിതികൾ മാറാൻ കാരണമായേക്കാം. ഈ സാഹചര്യത്തിൽ ജില്ലയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ജില്ലാ ദുരന്തനിവാരണഅതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ എന്ന നിലയിൽ എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് 2005 ലെ ദുരന്തനിവാരണ നിയമം വകുപ്പ് 26 (2), 34 എന്നീ വകുപ്പുകൾ പ്രകാരവും 2020 ലെ പകർച്ചവ്യാധി നിയന്ത്രണ ഓർഡിനൻസിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1. ജില്ലയിലെ വ്യാപാരസ്ഥാപനങ്ങളുടെ പ്രവർത്തന സമയം രാവിലെ 7 മണിമുതൽ വൈകുന്നേരം 7.30 വരെയായിരിക്കും. ഹോട്ടലുകളിൽ ഭക്ഷണം രാത്രി 9 മണി വരെ പാഴ്സലായി വിതരണം ചെയ്യാം. മെഡിക്കൽ സ്റ്റോറുകൾ പെട്രോൾ പമ്പുകൾ, പാൽ, ശുദ്ധജലം വിതരണം ചെയ്യുന്ന കടകൾ തുടങ്ങിയ അവശ്യസർവ്വീസുകൾക്ക് ഈ നിയന്ത്രണം ബാധകമല്ല.
2. ജില്ലയിൽ ഒരു സ്ഥലത്തും ആളുകൾ കൂട്ടംകൂടാൻ പാടില്ല.
3. എല്ലാ വ്യാപാരസ്ഥാപനങ്ങളിലും നിർബന്ധമായും ബ്രേക്ക് ദി ചെയിൻ, കോവിഡ് 19 പ്രോട്ടോകോൾ നിബന്ധനകൾ പാലിക്കേണ്ടതാണ്. സാമൂഹിക അകലം പാലിക്കേണ്ടതും എല്ലാവരും നിർബന്ധമായും മാസ്ക് ധരിക്കേണ്ടതുമാണ്.

4. റോഡുകളിലെ അനധികൃത കച്ചവടങ്ങൾ മുഴുവൻ ഒഴിപ്പിക്കാൻ PWD Roads, Executive Engineer, തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ എന്നിവർക്ക് നിർദ്ദേശം നൽകുന്നു.

ഈ ഉത്തരവുകൾ പാലിക്കാത്തവർക്കെതിരെ IPC 188, 2005 ലെ ദുരന്തനിവാരണ നിയമം, 2020 ലെ പകർച്ചവ്യാധി നിയന്ത്രണനിയമം ഓർഡിനൻസ് എന്നിവ പ്രകാരം നിയമനടപടികൾ സ്വീകരിക്കാൻ ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തുന്നു.

**ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ**
**& ജില്ലാ കളക്ടർ**

ജില്ലാ പോലീസ് മേധാവി, ആലപ്പുഴ
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ആലപ്പുഴ
എക്സിക്യൂട്ടീവ് എൻജിനീയർ PWD Roads
ആർ.ഡി.ഒ, ആലപ്പുഴ/ചെങ്ങന്നൂർ
ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ആലപ്പുഴ
എല്ലാ തഹസീൽദാർമാർക്കും
ഡി.ഡി. പി. ആലപ്പുഴ
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
കരുതൽ ഫയൽ